DESHABHIMANI - 25-04-2025

# ‘മൂല്യവർധിത മത്സ്യോൽപ്പന്നങ്ങൾ’ പരിശീലന പരിപാടി സമാപിച്ചു

**കടമക്കുടി**

‘മൂല്യവർധിത മത്സ്യോൽപ്പന്നങ്ങൾ’ വിഷയത്തിൽ കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ത്രിദിന പരിശീലന പരിപാടി സമാപിച്ചു. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ–സിഫ്റ്റുമായി ചേർന്ന് കടമക്കുടി പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് പരിശീലനം സംഘടിപ്പിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസന്റ്, വാർഡ് മെമ്പർ പ്രബിൻ കോമളൻ, എം എ മുരളി, പി ആർ ഷിബു, കെ പി പ്രമീള, ഡോ. സിന്ധു എസ് പ്രസാദ് എന്നിവർ സംസാരിച്ചു.



ഐസിഎആർ, സിഫ്റ്റ് എന്നിവ ചേർന്ന് കടമക്കുടി പഞ്ചായത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ സർട്ടിഫിക്കറ്റ് നൽകുന്നു

കേന്ദ്രസർക്കാരിന്റെ പട്ടികജാതി ഉപപദ്ധതിയുടെ കീഴിൽ നടന്ന പരിപാടിക്ക് സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. പി കെ ബിൻസി, ശ്രീപ്രിയ പ്രകാശൻ എന്നിവർ നേതൃത്വം നൽകി.